Kerala Catholic Bishops' Council (KCBC)
Secretariat, Pastoral Orientation Centre, P.B.No.2251, Palarivattom, Kochi-682025, Kerala, India
Tel: +91-484-2805722, 2805815, Fax: +91-484-2806214
E-mail : deputysecretarykcbc@gmail.com, www.kcbcsite.com

8.9.2018

All Kerala Press Release
*Ref: 632/KCBC/K-6/KPR/DS*

# സ്വവർഗരതി - കോടതിവിധി നിയമപരവും ധാർമികവുമായ പ്രത്യാഘാതങ്ങളുണ്ടാക്കും: കെസിബിസി

പ്രായപൂർത്തിയായവർ തമ്മിൽ ഉഭയസമ്മതപ്രകാരമുള്ള സ്വവർഗരതി കുറ്റകരമല്ലെന്ന സുപ്രീം കോടതി വിധി നിർണായകമാണ്. ഇത് ഇന്ത്യൻ സമൂഹത്തിൽ ദൂരവ്യാപകഫലങ്ങളുണ്ടാക്കും. വ്യക്തികൾ പരസ്യമായോ രഹസ്യമായോ ഏർപ്പെടുന്ന സ്വവർഗരതിപരമായ പെരുമാറ്റവും പ്രവൃത്തിയും കുറ്റകരമാക്കുന്ന ഐപിസി 377-ൽ മാറ്റം വരുത്തിക്കൊണ്ടാണ് സുപ്രീംകോടതിയുടെ ഭരണഘടന ബഞ്ച് 2018 സെപ്റ്റംബർ 6-ാം തീയതി പ്രസ്തുത വിധി പുറപ്പെടുവിച്ചിരിക്കുന്നത്. നിയമനടപടി ആവശ്യപ്പെടാവുന്ന കുറ്റകൃത്യങ്ങളുടെ പട്ടികയിൽ നിന്ന് പ്രായപൂർത്തിയായവർ തമ്മിൽ ഉഭയസമ്മതപ്രകാരം ഏർപ്പെടുന്ന സ്വവർഗ ലൈംഗിക പെരുമാറ്റങ്ങളും പ്രവൃത്തികളും ഒഴിവാക്കിയിരിക്കുന്നു. പ്രായപൂർത്തിയാകാത്തവരുമായുള്ള സ്വവർഗരതിപരമായ പ്രവൃത്തികളും പെരുമാറ്റങ്ങളും കുറ്റകരമായി തുടരും. സ്വവർഗരതിപരമായ പെരുമാറ്റവും പ്രവൃത്തിയും നിയമപരമായി ശിക്ഷാർഹമല്ല എന്ന കോടതിവിധി ഉയർത്തുന്ന ധാർമികവും സാമൂഹ്യവുമായ പ്രത്യാഘാതങ്ങൾ കോടതി വേണ്ടത്ര പരിഗണിച്ചതായി കാണുന്നില്ല എന്നതാണ് ഈ വിധിയുടെ പരിമിതിയും പോരായ്മയും. ഭ്രൂണഹത്യയുടെയും ദയാവധത്തിന്റെയും കാര്യത്തിലെന്നപോലെ സ്വവർഗരതിയും നിയമപരമായി കുറ്റകരമല്ലാത്ത പ്രവൃത്തിയായിത്തീർന്നിരിക്കുന്നു. മാത്രവുമല്ല ഭ്രൂണഹത്യയ്ക്കും ദയാവധത്തിനും ഏർപ്പെടുത്തിയിട്ടുള്ള നിയമപരമായ നിയന്ത്രണങ്ങൾ സ്വവർഗരതിയുടെ കാര്യത്തിൽ ഉണ്ടായിട്ടുമില്ല.

സ്വവർഗലൈംഗികാഭിമുഖ്യമുള്ള വ്യക്തികളുടെ മാനുഷിക മഹത്ത്വവും മൂല്യവും സംരക്ഷിക്കപ്പെടേണ്ടതാണ്. വ്യക്തികളെന്ന നിലയിൽ സ്വവർഗരതിക്കാരുടെ മനുഷ്യാന്തസ്സിനേയും അതിൽ നിന്നുത്ഭവിക്കുന്ന മനുഷ്യാവകാശങ്ങളെയും രാജ്യത്തെ പൗരന്മാരെന്ന നിലയ്ക്കുള്ള അവരുടെ ഭരണഘടനാപരമായ അവകാശങ്ങളെയും സഭ ആദരിക്കുന്നു. പ്രസ്തുത അവകാശങ്ങളെ സംരക്ഷിക്കുന്നതിന് കത്തോലിക്കാസഭ പ്രതിജ്ഞാബദ്ധവുമാണ്. എന്നാൽ സ്വവർഗലൈംഗികതയെന്ന അവസ്ഥ അവരുടെ ലൈംഗികതയിൽ വരുത്തിയിട്ടുള്ള പരിമിതികൾ അവരും സമൂഹവും അംഗീകരിക്കുകയും അതനുസരിച്ചുള്ള ജീവിതക്രമങ്ങൾ പാലിക്കുകയും ചെയ്യുമ്പോഴാണ് വ്യക്തിയുടെയും സമൂഹത്തിന്റെയും നന്മയും സുസ്ഥിതിയും ഉറപ്പുവരുത്താൻ കഴിയുന്നത്. വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും പൊതുസമൂഹത്തിലും ഉന്നതമായ ധാർമിക നിലവാരം പ്രതീക്ഷിക്കുന്ന ഭാരതീയസമൂഹത്തിന് ഈ കോടതി വിധി ഉയർത്തുന്ന ധാർമിക പ്രശ്നങ്ങളും നിയമപരമായ പ്രത്യാഘാതങ്ങളും കണ്ടില്ലെന്ന് നടിക്കാനാവില്ല.

PRESIDENT
MOST REV. DR. SOOSA PAKIAM
Archbishop of Trivandrum,
Archbishop's House,
Vellayambalam, Kawdiar P.O,
Trivandrum 695 003.
Ph: 0471 2724001, 2724002, Fax: 0471 2725001
E-mail: archbishop@archtvm.in

VICE-PRESIDENT
DR. YOOHANON MAR CHRYSOSTOM
Bishop of pathanamthitta
Santhome Catholic Bishop's House
St. Peter's Junction
Pathanamthitta – 689 645
Ph: 0468-2223100, Fax: 0468-2223100
Email: bpdiopta@gmail.com

SECRETARY GENERAL
MAR MATHEW MOOLAKKATT
Archbishop of Kottayam
Catholic Archbishop's House,
P.B. No. 71, Kottayam 686 001.
Ph: 0481 2563527, 2563812, Fax: 0481 2563327
E-mail: marmosb@yahoo.com

DEPUTY SECRETARY GENERAL
FR. VARGHESE VALLIKKATT
Pastoral Orientation Centre
P.B. No. 2251, Kochi-682 025
Tel: +91-484-2805722, 2805815,
Fax: 2806214
E-mail: vallikkatt@gmail.com

**നിയമപരമായ പ്രത്യാഘാതങ്ങൾ**
സ്വവർഗരതി നിയമപരമായി കുറ്റകരമല്ലാതാകുമ്പോൾ എതിർ ലിംഗത്തിൽപ്പെട്ട പ്രായപൂർത്തിയായവർ തമ്മിൽ പരസ്പര സമ്മതത്തോടെ രഹസ്യമായോ പരസ്യമായോ ഉള്ള ലൈംഗികപെരുമാറ്റങ്ങളും പ്രവൃത്തികളും നിയമപരമായ നിയന്ത്രണങ്ങൾക്കതീതമായിരിക്കണമെന്ന വാദം ശക്തിപ്പെടാം. ഇത് വിവാഹപൂർവ-വിവാഹേതര ലൈംഗികബന്ധങ്ങളെയും അനിയന്ത്രിതമായ സ്വവർഗലൈംഗികതയെയും പ്രോത്സാഹിപ്പിക്കും. ഇത് ഭാരതീയസംസ്കാരത്തിന് അനുയോജ്യമാണോയെന്നും സാമൂഹ്യജീവിതത്തിനും കുടുംബഭദ്രതയ്ക്കും ധാർമിക പുരോഗതിക്കും സഹായകമാണോയെന്നും കോടതി ഗൗരവപൂർവം പരിഗണിച്ചതായി കാണുന്നില്ല.

സ്വവർഗലൈംഗിക പങ്കാളികളുടെ വിവാഹ അവകാശവാദത്തിലേക്കും കൂടിത്താമസം, കുട്ടികളുടെ ദത്തെടുക്കൽ തുടങ്ങിയ അവകാശങ്ങളിലേക്കുമുള്ള ചവിട്ടുപടിയായും ഈ വിധിയെ കാണാവുന്നതാണ്. ഇതു വിവാഹം, കുടുംബം, കുട്ടികളുടെ പരിപാലനം തുടങ്ങിയ വിഷയങ്ങളിലും നിയമപരമായ പ്രത്യാഘാതങ്ങളുണ്ടാക്കും. കുടുംബവും സമൂഹവും രാഷ്ട്രവും നിലനില്ക്കുന്നതിന്റെ ധാർമിക അടിത്തറ പ്രകൃതി നിയമത്തിലധിഷ്ഠിതമായ സ്ത്രീ പുരുഷ ബന്ധത്തിലും സ്ത്രീയുടെയും പുരുഷന്റെയും വ്യത്യസ്ഥമായ ലൈംഗികതയുടെ പാരസ്പര്യത്തിലുമാണ്. ഇപ്രകാരമുള്ള ധാർമിക അടിത്തറയിലാണ് വിവാഹബന്ധത്തിലേക്കും ദാമ്പത്യസ്നേഹത്തിലേക്കും കുടുംബജീവിതത്തിലേക്കും സന്താനോല്പാദനത്തിലേക്കും നയിക്കുന്ന സ്ത്രീ പുരുഷ ബന്ധം നിലനില്ക്കേണ്ടത്. പ്രകൃതിനിയമത്തിനും അതിൽനിന്നുളവാകുന്ന ധാർമികതയ്ക്കുമെതിരായ നിയമം സമൂഹത്തെ നേർവഴിക്കു നടത്തും എന്നു കരുതാനാവില്ല.

കൂടാതെ സ്വവർഗലൈംഗികത ഗുരുതര ആരോഗ്യപ്രശ്നങ്ങളുണ്ടാക്കുന്നു. എച്ച്ഐവി/എയ്ഡ്സ് ഉൾപ്പെടെയുള്ള മാരകരോഗങ്ങളുടെ വ്യാപനത്തിന് ഇത് കാരണമാകാമെന്ന് സമീപകാലപഠനങ്ങൾ ചൂണ്ടിക്കാട്ടുന്നു. സ്വവർഗ ജോഡികളുടെ കൂടിത്താമസവും വിവാഹവും കുട്ടികളെ ദത്തെടുക്കുന്നതുൾപ്പെടെയുള്ള അവകാശങ്ങളും സ്വാഭാവിക സ്ത്രീപുരുഷബന്ധത്തിന്റെയും കുടുംബത്തിന്റെയും അന്തരീക്ഷത്തിൽ വളരാനുള്ള കുട്ടികളുടെ അവകാശത്തെ ഹനിക്കുന്നതായും ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്.

**സ്വവർഗരതിയും ധാർമികതയും**
നിയമപരമായി കുറ്റകരമാകുന്നില്ലയെന്നതുകൊണ്ട് സ്വവർഗരതി ധാർമികമായി ശരിയോ സ്വീകാര്യമോ ആണെന്നു വരുന്നില്ല. സ്വവർഗരതിപരമായ പെരുമാറ്റവും പ്രവൃത്തിയും മനുഷ്യന്റെ ലൈംഗികതയുടെ സ്വാഭാവിക ലക്ഷ്യത്തെ ലംഘിക്കുന്നു. രതിയുടെ ലക്ഷ്യം വിവാഹത്തിൽ സ്ത്രീയും പുരുഷനും തമ്മിലുള്ള സ്നേഹപൂർണമായ ശാരീരിക ഒത്തുചേരലിൽ പൂർത്തീകരിക്കപ്പെടുന്ന പ്രജനനവും സ്നേഹത്തിന്റെ കൂട്ടായ്മയുമാണ്. ഇതാണ് കത്തോലിക്കാസഭയുടെ ധാർമിക നിലപാട്. കത്തോലിക്കാ ധാർമിക വീക്ഷണത്തിൽ, സ്വവർഗരതിപരമായ പെരുമാറ്റവും പ്രവൃത്തികളും ധാർമികമായി സ്വീകാര്യമല്ല. കത്തോലിക്കാ വിശ്വാസമനുസരിച്ച് വിവാഹം ഒരു കൂദാശയും സ്ത്രീയും പുരുഷനും തമ്മിലുള്ള ബന്ധവുമാണ്. സ്വവർഗാനുരാഗികൾ തമ്മിലുള്ള "വിവാഹ" ബന്ധത്തെ സഭ അംഗീകരിക്കുന്നില്ല.

ജന്മനാ സ്വവർഗ ലൈംഗിക ചായ്‌വുള്ള ചുരുക്കം ചില വ്യക്തികളുണ്ട്. സ്വവർഗരതി ഒരു പ്രവണത അഥവാ ആഭിമുഖ്യം എന്ന നിലയിൽ ഈ വ്യക്തികളിൽ കാണപ്പെടുന്നത് കുറ്റകരമോ പാപമോ അല്ല. എന്നാൽ സ്വവർഗരതിയുടെ പ്രവൃത്തികളിൽ ഏർപ്പെടാനുള്ള അഭിനിവേശം ക്രമരഹിതവും നിയന്ത്രിക്കപ്പെടേണ്ടതുമാണ്. ധാർമികവും നിയമപരവുമായുള്ള ഇത്തരം നിയന്ത്രണമാണ് മനുഷ്യസമൂഹത്തെ സാംസ്കാരിക പുരോഗതിയിലേക്ക് നയിക്കുന്നത്. സ്വവർഗരതിയെ മഹത്വവത്ക്കരിക്കാനും ആഘോഷിക്കാനുമുള്ള പ്രവണതയും സമൂഹത്തിനു ഗുണകരമല്ല. ധാർമികതയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ പുരോഗമനത്തിന്റെ പേരിലോ ലിബറലിസത്തിന്റെ പേരിലോ പാശ്ചാത്യ ചിന്താധാരകളെ, അവ ഉണ്ടാക്കിയിട്ടുള്ള ഗുരുതര പ്രത്യാഘാതങ്ങൾ പരിഗണിക്കാതെ, അന്ധമായി സ്വീകരിക്കുന്നത് അപകടകരമാണ്.

**ഫാ. വർഗീസ് വള്ളിക്കാട്ട്**
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ,
ഔദ്യോഗിക വക്താവ്, കെ.സി.ബി.സി.